മംഗളം

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

കോട്ടയം: 11-ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 2024-25, 11 ന് കഞ്ഞിരപ്പള്ളി എം.വൈ.സി.എ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തും. 8 ന് മുൻപായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം.

Kottyam Edition
Dated on 05/01/2025
page no -4
Column no -1

ദേശാഭിമാനി

## ജില്ല സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 11ന്

**കോട്ടയം**

11ാത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 11ന് കാഞ്ഞിരപ്പള്ളി എംവൈസിഎ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടക്കും. പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ ബുധനാഴ്ചക്ക് മുമ്പായി പൂർത്തീകരിക്കണം. ഫോൺ: 9497465690, 7907963835.

**Kottayam Edition**
**Dated on 05/01/2025**
**Page No-2**
**Column no -1**

ദേശാഭിമാനി

ത്രോബോൾ ചാമ്പ്യൻഷിപ്പ്

# മേരിമാതയും ലാ മാസിയയും ചാമ്പ്യന്മാർ

**കാഞ്ഞിരപ്പള്ളി**

എംവൈസിഎ ഇംഗ്ലീഷ് മീഡിയം സ്കൂൾ സംഘടിപ്പിച്ച ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കടപ്ലാമറ്റം മേരിമാത സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ തെങ്ങണ ലാ മാസിയ ത്രോബോൾ അക്കാദമിയും ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഇൻഫെന്റ് ജീസസ് മണർകാട് രണ്ടാം സ്ഥാനം നേടി. മൂന്നാം സ്ഥാനം നാലുകോടി സെന്റ് ജോസഫ് എച്ച്എസും മൈക്കവോളി അക്കാദമിയും പങ്കിട്ടു. പെൺകുട്ടികളുടെ വിഭാഗത്തിൽ എൽഎഫ്‌വിഎൻ മുണ്ടത്താനം രണ്ടാം സ്ഥാനം നേടി. മേരിമാത സ്പോർട്സ് അക്കാദമിയും ശ്രേയസ് പബ്ലിക് സ്കൂളും മൂന്നാം സ്ഥാനം പങ്കിട്ടു.

ആൺകുട്ടികളുടെ വിഭാഗത്തിൽ മേരിമാത സ്പോർട്സ് അക്കാദമിയിലെ കരുൺ ശിവദാസ്, പെൺകുട്ടികളുടെ വിഭാഗത്തിൽ ലാ മാസിയ ത്രോബോൾ അക്കാദമിയിലെ ആർ ഹർഷിത എന്നിവർ മികച്ച കളിക്കാരായി തെരഞ്ഞെടുക്കപ്പെട്ടു.

സമാപന സമ്മേളനത്തിൽ എംവൈസിഎ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രധാനാധ്യാപിക പി എ ലൈല സമ്മാനദാനം നടത്തി. ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് അധ്യക്ഷനായി. കേരള ത്രോബോൾ അസോസിയേഷൻ റെഫറീസ് ബോർഡ് ചെയർമാൻ പ്രദീപ് ശേഖരൻ, കൺവീനർ പി ജി സുരേഷ്, ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ എന്നിവർ സംസാരിച്ചു.

**Kottayam Edition**
**Dated on 12/01/2025**
**Page no-3**
**Column no - 3,4,5,6**